**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡിഷണൽ ഡയറക്ടറുടെ (എ & ടി) നടപടിക്രമം**

---

വിഷയം:- ആവഡ- ശ്രീ. ജിനീഷ് കെ. ജി.യെ 1/11/2007 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.G.O (Rt) No..1233/2026/H&FWD തീയതി തിരുവനന്തപുരം 25/03/2026

2. ഉത്തരവ് നമ്പർ ആ. വ. ഡ./ 9528 /2023- ഇ എസ് -1 തീയതി 11/06/2024

3.സി I (2) 403/08 കെ പി എസ് സി കണ്ണൂർ തീയതി 18/01/2011

4.കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്ത് നമ്പർ -ജി മെ ആ - കണ്ണൂർ /2532/2026-എ 2 തീയതി 04/08/2026

5. നോട്ടീസ് നമ്പർ ആവഡ/30916/2025-ഇ എൽ 3 തീയതി 09/09/2026

**ഉത്തരവ് നം:** ആവഡ/30916/2025-ഇ എൽ 3 **തീയതി:** 28-09-2026

---

1/11/2007 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ സൂചന ( 2 ) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ സാമൂഹികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജോലി ചെയ്തു വരുന്ന ശ്രീ. ജിനീഷ് കെ. ജി. യെ (PEN 627242) മുൻകാല പ്രാബല്യത്തോട് കൂടി സീനിയോറിറ്റി പട്ടികയിൽ

ഉൾപ്പെടുത്തുന്നതിനായി കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന സൂചന (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ. ജിനീഷ് കെ. ജി. സൂചന (3) പ്രകാരം മട്ടന്നൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ 28/02/2011-ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയി ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് കോഴിക്കോട് ജില്ലയിലെ കെ. പി. എസ്. സി. യുടെ നിയമന ശുപാർശ പ്രകാരം എക്സൈസ് വകുപ്പിലേക്ക് സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്ക് നിയമനം ലഭിച്ച് 30/12/2013 നു ആരോഗ്യവകുപ്പിൽ നിന്ന് വിടുതൽ ചെയ്തു 31/12/2013 നു എക്സൈസ് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പിന്നീട് 19/12/2015 നു മാതൃവകുപ്പായ ആരോഗ്യവകുപ്പിൽ പുനർനിയമനം ലഭിക്കുന്നതിനായി അപേക്ഷ നൽകിയെങ്കിലും പുനർനിയമനം ലഭിക്കാത്തതിനാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചതിനെ തുടർന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ (O A EKM 1779/2020 ഉത്തരവ് തീയതി 03/03/2021) ജില്ലയിൽ ഏറ്റവും ജൂനിയർ ആയി ടിയാൻ മാതൃ വകുപ്പിൽ 26/03/2022 ന് ജോയിൻ ചെയ്തു. തുടർന്ന് സീനിയോറിറ്റി സംരക്ഷിക്കുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിക്കുകയും സീനിയോറിറ്റിയും മറ്റു ആനുകൂല്യങ്ങളും അനുവദിച്ച് 17/11/2025 തീയതിയിൽ OA (EKM)- 1942/2022 ഉത്തരവ് ലഭിക്കുകയും ചെയ്തു. KS & SSR റൂൾ 8 പ്രകാരം ടിയാന്റെ സീനിയോറിറ്റി മുൻകാല പ്രാബല്യത്തിൽ ലഭ്യമാക്കുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ കോടതി വിധി അനുപാലനം ചെയ്തു സൂചന ( 1 ) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. അതിൻ പ്രകാരം മുൻകാല പ്രാബല്യത്തോടെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ശ്രീ. ജിനീഷ് കെ. ജി. അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും ശ്രീ. ജിനീഷ് കെ. ജി. യെ ഉത്തരവ് നം ആ. വ. ഡ./ 9528 /2023- ഇ എസ് -1 തീയതി 11/06/2024 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 1/11/2007 മുതൽ 31/12/2012 വരെയുള്ള കാലയളവിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ (HIC - ലിസ്റ്റ് - I ) 67 A റാങ്ക്

നമ്പറായി താത്കാലികമായി ഉൾപ്പെടുത്തി മേൽ പരാമർശം (5) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

പത്തനംതിട്ട ഡിസ്ട്രിക്റ്റ് വെക്റ്റർ കൺട്രോൾ യൂണിറ്റിലെ ഫീൽഡ് അസിസ്റ്റന്റ് ആയ ശ്രീ ഉല്ലാസ് കുമാർ എം. കെ. യെ ഉത്തരവ് നം ആ. വ. ഡ./14195/2024- ഇ എസ് 1 തീയതി 22/07/2024 പ്രകാരം റാങ്ക് നമ്പർ 67 A ആയി ഉൾപ്പെടുത്തിയിരുന്നു . ശ്രീ. ജിനീഷ് കെ. ജി. യ്ക്ക് റാങ്ക് നമ്പർ 67 A നൽകേണ്ടി വരുന്നതിനാൽ നിലവിൽ ശ്രീ ഉല്ലാസ് കുമാർ എം. കെ. യ്ക്ക് നൽകിയിട്ടുള്ള 67 A സ്ഥാനം മാറ്റി 67 B ആയി പുനർനിർണയിക്കേണ്ടി വരുന്നു.

ടി നോട്ടീസിന്മേൽ നാളിതുവരെ ആക്ഷേപങ്ങളൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ പരാമർശം (5 ) പ്രകാരം പുറപ്പെടുവിച്ച നോട്ടീസിലെ താത്കാലിക തീരുമാനങ്ങൾ സ്ഥിരീകരിച്ചു കൊണ്ട് ഉത്തരവാകുന്നു.

വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.

Digitally signed by
Sandeep K
Date: 28-09-2026
16:02:00

**SANDEEP K**

**ADDITIONAL DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കണ്ണൂർ/ കോട്ടയം (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ്:-

1. ശ്രീ. ജിനീഷ് കെ. ജി.
   ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II
   സാമൂഹികാരോഗ്യകേന്ദ്രം,മട്ടന്നൂർ, കണ്ണൂർ.
2. ശ്രീ. ഉല്ലാസ് കുമാർ എം. കെ., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II, സി.എച്ച്.സി. മുണ്ടക്കയം, കോട്ടയം
3. സൂപ്രണ്ട്, ഇ ജി സെക്ഷൻ
4. ഫയൽ/ കരുതൽ ഫയൽ

# ANNEXURE

| INCLUSION/REASSIGNMENT IN THE SENIORITY LIST OF JUNIOR HEALTH INSPECTOR GR.II ISSUED VIDE ORDER NO. DHS/9528/2023-ES1 DATED 11.06.2024. (LIST I- HIC) | | | | | | | | |
|---|---|---|---|---|---|---|---|---|
| **SL. NO.** | **NAME & PEN** | **DATE OF BIRTH** | **DATE OF ENTRY IN SERVICE** | **QUALIFICATION** | **PSC ADVICE NO./ GOV. ORDER NO.** | **DATE RECKONED FOR SENIORITY** | **RANK NO. IN THE SENIORITY LIST** | **REMARKS** |
| 1 | JINEESH. K. G 627242 | 29.10.1984 | 28.02.2011 | DHIC | CI (2) 403/08 KPSC Kannur dtd 18/01/2011<br><br>GO (Rt.) No. 1233/2026/ H& FWD dtd Tvpm 25/03/2026 | 18/01/2011 | 67 A | As per the compliance order OA(EKM) 1942/2022 dtd 17/11/2025 |
| 2 | ULLASKUMAR M K 237291 | 24.05.1975 | 03.08.2000 | Junior Health Inspector training course | A4 6989/95/DMO(H) ALP dtd 05/04/2011 | 06/04/2011 | 67B | Joined as Field Assistant on 06/04/2011 |

Digitally signed by
Sandeep K
Date: 28-09-2026
16:02:44

**ADDITIONAL DIRECTOR OF HEALTH SERVICES ( A&T)**